പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 297 | 27.02.2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

# ഓപ്പറേഷൻ സാഗർ റാണി പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ**<br>**,, കെ.വി.അബ്ദുൾ ഖാദർ**<br>**,, എം. രാജഗോപാലൻ**<br>**,, പി.ടി.എ. റഹീം** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മത്സ്യങ്ങൾ കേടാകാതിരിക്കാൻ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിന് ഓപ്പറേഷൻ സാഗർ റാണി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിന് സംസ്ഥാനത്ത് ഓപ്പറേഷൻ സാഗർ റാണി പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു.<br><br>2016 ഡിസംബർ മാസം മുതൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ കേരളത്തിലെ വിവിധ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മൊത്ത വിപണന കേന്ദ്രങ്ങളിൽ നിന്നും ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ നിന്നുമായി വിവിധ ഇനം മത്സ്യങ്ങളുടെയും, മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന ഐസിന്റെയും 490 സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട്. ടി സാമ്പിളുകൾ എറണാകുളത്തുള്ള Central Institute of Fisheries Technology ( CIFT), ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജീയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലുമായി പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. |
| ബി) | മീനുകളിൽ ചേർത്തിരിക്കുന്ന രാസപദാർത്ഥങ്ങൾ കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തെല്ലാം പരിശോധനകളാണ് നടത്തുന്നത്; | ബി) | മത്സ്യത്തിൽ ഫോർമാലിൻ, അമോണിയ, സോഡിയം ബെൻസോയേറ്റ്, എന്നിവയുടെ സാന്നിധ്യം കണ്ടുപിടിക്കുന്നതിനായുള്ള കെമിക്കൽ, മൈക്രോബയോളജിക്കൽ രാസ പരിശോധനകളാണ് നടത്തുന്നത്. |
| സി) | ഇപ്രകാരം രാസവസ്തുക്കൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് മത്സ്യബന്ധ | സി) | ഓപ്പറേഷൻ സാഗർ റാണിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജില്ലക |

| | | | |
|---|---|---|---|
| | നതൊഴിലാളികൾ, മത്സ്യവ്യാപാരികൾ എന്നിവർക്ക് ബോധവത്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | | ളിലും മത്സ്യബന്ധനതൊഴിലാളികൾ, മത്സ്യവ്യാപാരികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകമായി ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ പൊതുജനങ്ങൾക്കും മത്സ്യമേഖലകളിൽ പ്രവർത്തിക്കുന്നവർക്കും വേണ്ടി ലഘുലേഖകൾ നിർമ്മിച്ചു നൽകി വരുന്നു. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും മൂന്ന് ബോധവത്ക്കരണക്ലാസ്സുകൾ വീതം സംഘടിപ്പിച്ചു. |
| ഡി) | ഇതു സംബന്ധിച്ച് ഉപഭോക്താക്കൾക്കായി ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുമോ? | ഡി) | ഈ വിഷയത്തിൽ ഓരോ ജില്ലയിലും മൂന്ന് വീതം ആകെ 42 ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഇതിൽ കുടുംബശ്രീ പ്രവർത്തകരെയും റസിഡൻസ് അസോസിയേഷൻ പ്രവർത്തകരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ